സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

ആർ.ഒ.സി.നം.4184/18/സി.എ

ദേവസ്വം ബോർഡ് ആഫീസ്,
തിരുവനന്തപുരം, 28.06.2021.

ഡയറക്ടർ
സാംസ്കാരിക-പുരാവസ്തു വിഭാഗം

വിഷയം : 1196-ാമാണ്ടത്തെ രാമായണ മാസാചരണം സംബന്ധിച്ച്.

സൂചന : ആ ആഫീസിലെ 18.06.2021-ലെ 147/19/സി.എ.2 നമ്പർ റിപ്പോർട്ട്.
സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു

1196 -ാം ആണ്ടത്തെ രാമായണ മാസാചരണം ഉദ്ഘാടനം, ഉള്ളൂർ ഗ്രൂപ്പിൽപ്പെട്ട **O.T.C** ഹനുമാൻ ക്ഷേത്രത്തിൽ വച്ച് 17-07-2021 രാവിലെ 8 മണിക്ക് കോവിഡ്-19 മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് നടത്തുന്നതിന് തീരുമാനിച്ച് ബോർഡുത്തരവാകുന്നു. ആയതിലേക്കുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

രാമായണമാസത്തിൽ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ കോവിഡ്-19 മാനദണ്ഡങ്ങൾ പൂർണ്ണമായി പാലിച്ചുകൊണ്ട് പരമാവധി രണ്ട് പേരെ പങ്കെടുപ്പിച്ച് രാമായണപാരായണം നടത്തുന്നതിന് അനുവദിച്ച് ബോർഡ് ഉത്തരവാകുന്നു.

200/-രൂപ വില നിശ്ചയിച്ചുള്ള രാമായണം 30/-രൂപ കുറച്ച് 170/- രൂപ നിരക്കിൽ രാമായണമാസക്കാലയളവിൽ വിൽപ്പന നടത്തുന്നതിന് അനുവദിച്ചും ബോർഡ് ഉത്തരവായ വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ
(ഒപ്പ്)
**സെക്രട്ടറി**

അംഗീകാരത്തോടെ

അസിസ്റ്റന്റ് സെക്രട്ടറി

പകർപ്പ് :
1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ ഡി പി സെക്ഷൻ
3. മിനിറ്റ്സ്
4. സെക്ഷൻ ഫയൽ
5. ഫെയർ ആഫീസ് കോപ്പി